# പോലീസ് ഓഫീസറായി ചമഞ്ഞ് യുവതികളെ വലയിലാക്കുന്ന വിരുതൻ പിടിയിലായി

കോട്ടക്കൽ: പൊലീസ് ഓഫീസറാണെന്ന് പറഞ്ഞ് വിവാഹ അഭ്യർത്ഥനയുമായെത്തി സൗഹൃദം സ്ഥാപിച്ച് വീട്ടമ്മയായ യുവതിയെ പീഡിപ്പിച്ച് കാറും സ്വർണ്ണാഭരണങ്ങളുമായി മുങ്ങിയ വിരുതൻ പോലീസ് പിടിയിലായി.കോട്ടക്കൽ പൊലീസിൽ ലഭിച്ച പരാതിയെ തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലായത്.വിവാഹ വാഗ്ദാനം നൽകി പീഡനത്തിനിരയാക്കിയതിനു പുറമെ വീട്ടമ്മയിൽ നിന്ന് സ്വർണാഭരണങ്ങളും കാറും തട്ടിയെടുത്ത കോഴിക്കോട് പേരാമ്പ്ര സ്വദേശി പാരലേരി ടൗൺ പൂളക്കണ്ടി അൻവർ ഇബ്രാഹീം(40)നെയാണ് തിരൂർ സിഐ അറസ്റ്റ് ചെയ്തത്. കാടാമ്പുഴ മരവട്ടം സ്വദേശിനിയായ വീട്ടമ്മ നൽകിയ പരാതിയെ തുടർന്നാണ് അറസ്റ്റ്.വെള്ളിയാഴ്ച രാത്രി പത്ത് മണിയോടെ നദാപുരത്ത് വെച്ച് തിരൂർ സിഐ എംകെ ഷാജിയുടെ നേതൃത്വത്തിലുള്ള പൊലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്.

വിവാഹ മോചിതയായ രണ്ട് കുട്ടികളുടെ മാതാവാണ് പരാതിക്കാരിയായ യുവതി. വിവാഹാഭ്യർത്ഥന നടത്തിയാണ് യുവതിയുമായി പ്രതി ആദ്യം ബന്ധം സ്ഥാപിച്ചത്. കോഴിക്കോട്ടെ ഉന്നത പൊലീസ് ഉദ്യോഗസ്ഥനാണെന്ന് യുവതിയെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നു. പൊലീസ് യൂണിഫോം ധരിച്ചും ഇയാൾ യുവതിയുടെ വീട്ടിൽ എത്തിയിരുന്നു.ഒരു വർഷം മുമ്പാണ് പ്രതി യുവതിയുമായി ബന്ധം സ്ഥാപിച്ചത്. തുടർന്ന് യുവതിയുടെ വിശ്വാസ്യത നേടിയ ശേഷം കാറും സ്വർണാഭരണങ്ങളും വാങ്ങി ഇയാൾ മുങ്ങുകയായിരുന്നു.

വിവാഹ വാഗ്ദാനം നൽകി ഇയാൾ ശാരീരികമായി തന്നെ പീഡിപ്പിച്ചതായും ആഭരണങ്ങളും കാറും തട്ടിയെടുത്തതായും കാണിച്ച് യുവതി കോട്ടക്കൽ പൊലീസിൽ പരാതി നൽകിയിരുന്നു. തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി വലയിലായത്. യുവതിയിൽ നിന്ന് തട്ടിയെടുത്ത കാർ പോലീസ് കസ്റ്റഡിയിലെടുത്തു. കോഴിക്കോട് സ്വദേശിനിയായ മറ്റൊരു യുവതിയും ഇയാളുടെ വലയിൽ അകപ്പെട്ടതായി വിവരം ലഭിച്ചു. പ്രവാസിയായിരുന്ന പ്രതിക്കെതിരെ മറ്റു കേസുകളുണ്ടോയെന്ന് പരിശോധിച്ചു വരികയാണ്. കോട്ടക്കൽ എസ്.ഐ ആർ വിനോദ്, പൊലീസുകാരായ സുധീർ, രാഗേഷ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. തിരൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു